Malayala Manorama 19-02-19, p-1(S)

# പുല്ലഴിയിൽ സൂര്യോദയം

- പരീക്ഷണാടിസ്ഥാനത്തിൽ പുല്ലഴിയിൽ നടത്തിയ സൂര്യകാന്തി കൃഷി വിജയം.
- സൂര്യകാന്തിയെണ്ണ ഉൽപാദിപ്പിക്കാൻ ശ്രമം.



പുല്ലഴി പാടവരമ്പിലെ സൂര്യകാന്തി കൃഷി.

തൃശൂർ● സൂര്യകാന്തിയുള്ള വിളവും വിപ്ലവവും സ്വപ്നം കാണുകയാണ് പുല്ലഴിയിലെ കോൾ കർഷകർ. ഇവിടെ പാടവരമ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നട്ട ആയിരത്തോളം സൂര്യകാന്തിച്ചെടികൾ പൂത്തു വിടർന്നു. കൃഷിക്കൊപ്പം കാഴ്ചയുടെ ആനന്ദം കൂടിയായതോടെ പുല്ലഴി പാടത്തേക്കു സന്ദർശകരും എത്തുന്നുണ്ട്.

900 ഏക്കർ വരുന്ന പുല്ലഴി പാടശേഖരത്തിൽ അറുനൂറിലേറെ കർഷകരുണ്ടെങ്കിലും വരമ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നത് ഇരുപതോളം കർഷകർ മാത്രമാണ്. പച്ചക്കറിക്കു നല്ല വിളവു ലഭിക്കുന്ന പാടമാണു പുല്ലഴി. മഴക്കാലത്ത് വെള്ളം കയറിക്കിടക്കുന്നതിനാൽ വരമ്പിലടക്കം വളക്കൂറുണ്ട്. കൃത്യമായി പരിചരിച്ചാൽ നല്ല വിളവ് കൊയ്യാനാവും.

സാധാരണ പച്ചക്കറി കൃഷികൾക്കു പുറമേ സൂര്യകാന്തിയും ഉള്ളിയും പരീക്ഷണാടിസ്ഥാനത്തിൽ നടുകയായിരുന്നുവെന്നു കോൾ കർഷക സംഘം പ്രസിഡന്റ് കോളങ്ങാട്ട് ഗോപിനാഥൻ പറയുന്നു.

മുൻപ് ചെറുതായി സൂര്യകാന്തി കൃഷി ചെയ്തിരുന്നെങ്കിലും അരിമണികൾ പക്ഷികളെ വളർത്തുന്നവർക്കു തീറ്റയായി നൽകുകയായിരുന്നു.

ഇത്തവണ ചെറിയ ചക്കുപയോഗിച്ച് സൂര്യകാന്തിയിൽ നിന്ന് എണ്ണയുണ്ടാക്കാമെന്നു ചില കമ്പനിക്കാർ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞദിവസം അവരിൽ ചിലരെത്തി മൂപ്പു പരിശോധിച്ചു മടങ്ങിയിരുന്നു. കടുത്ത അധ്വാനം ആവശ്യമില്ലാത്ത കൃഷിയാണ് ഇവിടെ സൂര്യകാന്തി.

ഉള്ളിയും ധാരാളമായി വിളഞ്ഞിട്ടുണ്ട്. വെണ്ട, അമര, പാവൽ, കയ്പ, പടവലം, ചൊരയ്ക്ക, വെള്ളരി, മത്തൻ, കുമ്പളം, കൊത്തമര, ബീൻസ്, മുള്ളങ്കി, ചോളം, ചീര ഇവയൊക്കെ ഇത്തവണ വിളഞ്ഞിട്ടുണ്ട്.



പുല്ലഴി പാടവരമ്പത്തെ സൂര്യകാന്തിപ്പൂ കൃഷിക്കു സമീപം കർഷകൻ ഗോപിനാഥൻ.